**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേര പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ ലോകബാങ്ക് പിന്തുണയോടെ നടപ്പാക്കുന്ന 'കേരള ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ (KERA)' പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയത്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ? | (എ) | കാർഷിക മേഖലയിൽ ലോക ബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന KERA പദ്ധതിയുടെ മൊത്തം അടങ്കൽ തുക 2375.5 കോടി രൂപയാണ്. ഇതിൽ 709.65 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. 2024-25 ലെ സംസ്ഥാന ബജറ്റിൽ 100 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. നിലവിൽ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.<br><br>KERA പദ്ധതിക്ക് 11.01.2024 ലെ G.O.(Ms)No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കും തമ്മിലുള്ള ചർച്ച (Negotiation meeting) 2024 ഓഗസ്റ്റ് 29 ന് പൂർത്തിയായി. പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലോകബാങ്കിന്റെ ബോർഡ് അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ